Malappuram District Police

## 09/11/2017 മലപ്പുറം

മലപ്പുറം KSRTC യിൽ കണക്കുകളില് കൃത്രിമം കാണിച്ച് പണം തട്ടിയ കേസിലെ പ്രതിയെ മലപ്പുറം പോലീസ് സ്പെഷ്യൽ സ്കാഡ് അറസ്റ്റ് ചെയ്തു.

രാജേഷ് രാധാകൃഷ്ണൻ (29) S/O രാധാകൃഷ്ണൻ, കിഴക്കേമുറിയിൽ ഹൗസ്, കരിമ്പനി, കോട്ടയം മറ്റംകര കരിമ്പനി സ്വദേശി കിഴക്കേമുറിയിൽ രാധാകൃഷ്ണൻെറ മകന് രാജേഷ് രാധാകൃഷ്ണൻ (29 വയസ്സ്) എന്നയാളാണ് അറസ്റ്റിലായത്.

പ്രതി മലപ്പുറം KSRTC യിൽ കണ്ടക്ടറായി ജോലി ചെയ്തുവരികയായിരുന്നു. 2013-14 കാലഘട്ടത്തില്, കള്ളക്കണക്കുണ്ടാക്കി പല ദിവസങ്ങളിലെയും കളക്ഷൻ പണം മുഴുവനായും ഓഫിസിൽ അടക്കാതെ ഒന്നര ലക്ഷത്തോളം രൂപ അപഹരിക്കുകയും സർക്കാരിനോട് പൊതുജനസേവകനെന്ന നിലയിൽ വിശ്വാസവഞ്ചന കാണിക്കുകയും ചെയ്തുവെന്നതാണ് കേസിനാസ്പദമായ സംഭവം. 2015 ല് സംഭവത്തോടനുബന്ധിച്ച് മലപ്പുറം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റര് ചെയ്തതിനെ തുടർന്ന് ഒളിവില് പോയ രാജേഷിനെ KSRTC യിൽ നിന്നും പിരിച്ചുവിട്ടിരുന്നു. കേസ് രജിസ്റ്റർ ചെയ്ത ഉടനെ ഇയാള് മുൻകൂര് ജാമ്യത്തിനായി ഹൈക്കോടതിയെ സമീപിച്ചെങ്കിലും ജ്യാമാപേക്ഷ കോടതി തള്ളിയതിനെ തുടർന്ന് പോലീസിന് പിടി കൊടുക്കാതെ ഒളിവിൽ തുടരുകയായിരുന്നു ഇയാൾ.

രണ്ട് വർഷത്തോളമായി എറണാകുളം, കോട്ടയം തുടങ്ങി വിവിധ സ്ഥലങ്ങളിൽ ഒളിവില് കഴിഞ്ഞുവരുന്നതിനിടെയാണ് ഇപ്പോൾ എറണാകുളത്തു നിന്നും പിടിയിലായത്.

മലപ്പുറം എസ്.ഐ ബി.എസ്. ബിനുവിന്റെ നിർദ്ദേശപ്രകാരം സ്പെഷ്യല് സ്കാഡ് അംഗങ്ങളായ സ്രാമ്പിക്കൽ മുഹമ്മദ് ഷാക്കിര്, മൻസൂറലി മാര്യാട് എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.